മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം
സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)
(തദ്ദേശ സ്വയംഭരണ വകുപ്പ് , കേരള സർക്കാർ)
2-ാം നില, സി.ഡബ്ല്യൂ.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,
വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033, ഫോൺ നമ്പർ : **0471-2724696**
ഇ-മെയിൽ: keralasocialaudit@gmail.com www.socialaudit.kerala.gov.in

നമ്പർ. 36/എം.ജി.എൻ.എസ്.എ.എസ്.കെ/20 തീയതി. 20.06.2022

സർക്കുലർ

പ്രിയപ്പെട്ട റിസോഴ്സ് പേഴ്സൺ,

സോഷ്യൽ ഓഡിറ്റ് പ്രക്രിയയിൽ ഏറ്റവും പ്രധാനപ്പെട്ട പങ്ക് വഹിക്കേണ്ട ജനാധിപത്യ പങ്കാളിത്ത വേദി ഗ്രാമസഭയാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിയമത്തിൽ സോഷ്യൽ ഓഡിറ്റ് നടത്തേണ്ടത് ഗ്രാമസഭയാണെന്ന് വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. സോഷ്യൽ ഓഡിറ്റിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കേണ്ടത് ഗ്രാമസഭകളിലൂടെയാണ്. കഴിഞ്ഞ മൂന്ന് വർഷക്കാലത്തെ സോഷ്യൽ ഓഡിറ്റ് അനുഭവങ്ങൾ വ്യക്തമാക്കുന്നത്. ഗ്രാമസഭകളിലെ പങ്കാളിത്തം തൊഴിലുറപ്പ് തൊഴിലാളികളിൽ മാത്രം പരിമിതപ്പെട്ടിരിക്കുന്നുവെന്നാണ്. ഇത് സോഷ്യൽ ഓഡിറ്റിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സഹായകമല്ല. എന്നുമാത്രമല്ല, ഗ്രാമസഭകളിലെ പങ്കാളിത്തം വളരെ പരിമിതമാണ്. സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരുടെ മുഖ്യമായ ചുമതലകളിലൊന്ന് ഗ്രാമസഭകളുടെ സംഘാടനവും ജനകീയ പങ്കാളിത്തം ഉറപ്പാക്കുക എന്നതുമാണ്. അതുകൊണ്ടുതന്നെ എല്ലാ വിഭാഗം ആളുകളുടെയും പങ്കാളിത്തം ഗ്രാമസഭകളിൽ ഉറപ്പാക്കുന്നതിന് താഴെപ്പറയുന്ന ചുമതലകൾ വില്ലേജ് റിസോഴ്സ് പേഴ്സൺമാർ നിർവ്വഹിക്കേണ്ടതാണ്.

- വാർഡ് മെമ്പർമാരുടെ സഹായത്തോടെ വാർഡ് വികസന സമിതി, അയൽ കൂട്ടങ്ങൾ, റസിഡന്റ് അസോസിയേഷൻ എന്നിവരെ ഗ്രാമസഭ യോഗം അറിയിക്കുകയും പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുക.

- കുടുംബശ്രീ എ.ഡി.എസ്. ഭാരവാഹികളെ കണ്ട് കുടുംബശ്രീ അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുക.

- ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വില്ലേജ് മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ (ഫോൺനമ്പർ ഉൾപ്പടെ) ശേഖരിച്ച് പങ്കാളിത്തം ഉറപ്പാക്കുക.

- വാർഡിലെ ലൈബ്രറികൾ, ക്ലബ്ബുകൾ, വായനശാലകൾ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ശേഖരിച്ച് പങ്കാളിത്തം ഉറപ്പാക്കുക.

- കർഷകർ, കർഷക തൊഴിലാളികൾ, യുവജനസംഘടനകൾ, മഹിളാ സംഘടനകൾ എന്നിവരുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ച് പങ്കാളിത്തം ഉറപ്പാക്കുക.

- സാക്ഷരതാ പ്രേരക്മാർ, പട്ടികജാതി/പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, അംഗനവാടി വർക്കർമാർ, ഹെൽപ്പർമാർ, ആശാവർക്കർമാർ എന്നിവരുടെ വിവരങ്ങൾ (ഫോൺനമ്പർ ഉൾപ്പടെ) ശേഖരിച്ച് പങ്കാളിത്തം ഉറപ്പാക്കുക.

സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നുണ്ടെന്നും സോഷ്യൽ ഓഡിറ്റിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സഹായകമായ പ്രവർത്തനങ്ങൾ വില്ലേജ് റിസോഴ്സ് പേഴ്സൺമാർ നടപ്പാക്കുന്നുണ്ടെന്നും ബ്ലോക്ക്/ജില്ലാ റിസോഴ്സ് പേഴ്സൺമാർ പ്രത്യേകം ശ്രദ്ധിക്കുകയും ആവശ്യമായ തുടർപ്രവർത്തനങ്ങൾ നടത്തണമെന്നും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ഡോ.എൻ. രമാകാന്തൻ
ഡയറക്ടർ

കോപ്പി:

1. എല്ലാ ജില്ലാ റിസോഴ്സ്പേഴ്സൺമാർക്കും
2. എല്ലാ ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്കും/ബി.ആർ.പി.ഇൻചാർജ്ജ്മാർക്കും
3. എല്ലാ വി.ആർ.പിമാർക്കും (ബി.ആർ.പിമാർ മുഖേന).